പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചർച്ച ചെയ്തത്

2015..ജൂൺ.30....-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

# റിപ്പോർട്ട്

മനുഷ്യന് സ്ഥായിയായ പുരോഗതി കൈവരിക്കുന്നതിന് ഏറ്റവും ഫലപ്രദമായ ഉപാധിയാണ് വിദ്യാഭ്യാസം. മനുഷ്യ വിഭവശേഷിയുടെ വികസനത്തിലൂടെ ആഗോള പുരോഗമനം എന്ന ലക്ഷ്യത്തിന്, അനുയോജ്യമാംവിധം വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. വിവിധതലങ്ങളിലുള്ള വിദ്യാഭ്യാസ പരിപാടികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് ഹയർ സെക്കന്ററിതല വിദ്യാഭ്യാസം. ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നതിൽ പ്രധാന ചവിട്ടുപടിയായി വർത്തിക്കുന്ന ഈ മേഖല ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അക്കാദമികവും ഭരണപരവുമായ ഉത്തരവാദിത്വങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ പ്രാപ്തിയുള്ള മനുഷ്യവിഭവവും കാര്യശേഷിയുള്ള ഭരണസംവിധാനങ്ങളും പ്രാവർത്തികമാക്കിക്കൊണ്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസരംഗത്ത് സർവ്വതോന്മുഖ പുരോഗമനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ വിദ്യാഭ്യാസനയം അനുസരിച്ച് കേരള സർക്കാർ 1990-ൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആരംഭിച്ചു. പ്രീ-ഡിഗ്രി കോഴ്സ് സർവ്വകലാശാലാതല ഉന്നതവിദ്യാഭ്യാസത്തിൽ നിന്ന് വേർപെടുത്തി ഡയറക്ടറേറ്റിനു കീഴിലാക്കിയ പ്രക്രിയ 2000-01-ലാണ് പൂർത്തീകരിക്കപ്പെട്ടത്.

2. സ്കൂൾ തലത്തിൽ ഹയർ സെക്കന്ററിയിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചപ്പോൾ പല ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളായി പരിവർത്തനം ചെയ്യപ്പെട്ടെങ്കിലും ഭൗതിക സൗകര്യങ്ങളുടെയും അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെയും കുറവുമൂലം പല വിദ്യാലയങ്ങളും ശൈശവാവസ്ഥയിൽ തന്നെ നിലനിൽക്കുകയാണ്. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാസ് മുറികൾ, ലബോറട്ടറി, ലൈബ്രറി, ശുചിമുറികൾ, ലാബ് ഉപകരണങ്ങൾ, കളിസ്ഥലം, കുടിവെള്ളം, ആഡിറ്റോറിയം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. പ്രിൻസിപ്പൽ, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ എന്നിവരുടെ കുറവ് നികത്തുന്നതിന് തസ്തികകൾ സൃഷ്ടിച്ച് അടിയന്തരമായി നിയമനം നടത്തേണ്ടതുണ്ട്.

3. ബാലാരിഷ്ടതകൾക്കിടയിലും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ ഭൂരിഭാഗവും പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്നത് ശ്ലാഘനീയമാണ്. പ്ലസ് വൺ, പ്ലസ് ടു തലത്തിലും വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിലും ഉയർന്ന മാർക്കും റാങ്കും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികൾ കൈവരിക്കുന്നുണ്ട്. ഇക്കാരണത്താൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമായ ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2014 ഒക്ടോബർ 29-ാം തീയതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം യോഗം ചേർന്ന് 'സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം' എന്ന വിഷയം ചർച്ച ചെയ്തു. ഹയർ സെക്കന്ററി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ചയിൽ ഉരുത്തിരിഞ്ഞ സമിതി നിർദ്ദേശങ്ങളും സമിതി അംഗങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

4. 2014-2015 സാമ്പത്തിക വർഷം പുതുതായി അനുവദിച്ച 61 സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 816 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 2818 ബാച്ചുകളിലായി 278400 വിദ്യാർത്ഥികൾ പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടെന്നും നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്താണ് ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചതെന്നും സമിതി വിലയിരുത്തി. 1994-ലെ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെ ചുമതലയിലാണ്. ഹയർ സെക്കന്ററിയിലെ കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ അവശ്യാനുസരണം നൽകാൻ സാധിച്ചിട്ടില്ലെന്നും ക്ലാസ്സ് മുറികൾ, ലബോറട്ടറി-ലൈബ്രറി കെട്ടിടങ്ങൾ, ലാബ് ഉപകരണങ്ങൾ, കളിസ്ഥലം, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ശുചി മുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ സർക്കാർ സ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും എം.എൽ.എ.മാരുടേയും എം.പി.മാരുടേയും മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ചും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കിവരുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാർ സ്കൂളുകളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തി.

5. 2010-11, 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ സമിതി പരിശോധിച്ചു. എത്ര ഗവ. ഹയർ സെക്കന്ററി സ്കൂളുകൾക്കാണ് ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്തത് എന്നതു സംബന്ധിച്ച കണക്ക് ശേഖരിച്ച് ഇത്തരം സ്കൂളുകൾക്ക് മുൻഗണന നൽകി കെട്ടിടനിർമ്മാണത്തിന് തുക ചെലവഴിക്കണമെന്ന് സമിതി വിലയിരുത്തി. ഓരോ വർഷവും കെട്ടിടം പണിക്ക് അനുവദിക്കുന്ന തുക അടുത്ത വർഷം നിരക്ക് പുതുക്കുമ്പോൾ തികയുന്നില്ലെന്നും സമിതി വിലയിരുത്തി.

6. കെട്ടിടങ്ങളുടെ പണി എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് സമിതി പരിശോധിക്കുകയുണ്ടായി. ഓരോ വർഷവും ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുള്ളിൽ ഒതുങ്ങുന്നവിധം അത്യാവശ്യമുള്ള സ്കൂളുകൾക്ക് ഓരോ വർഷവും മുൻഗണന നിശ്ചയിച്ചാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും ഘട്ടം ഘട്ടമായി നടത്തുന്ന ഈ നിർമ്മാണ പ്രവൃത്തികൾക്ക് എം.എൽ.എ./എം.പി. ഫണ്ടും ഉപയോഗിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി.

7. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ താരതമ്യേന ഉയർന്ന നിലവാരമുള്ളവ യായതിനാൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസുകളിൽ പത്താംതരം വരെ പഠിക്കുന്ന കുട്ടികളുടെ ആദ്യ പ്രവേശന ശ്രമം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലാണ്. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നല്ല റിസൾട്ട് ഉണ്ടാകുന്നുണ്ടെങ്കിലും സ്ഥിര അദ്ധ്യാപകരുടെ അപര്യാപ്തത ഒരു പ്രധാന പോരായ്മ യാണെന്ന് സമിതി വിലയിരുത്തുകയും ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയോടൊപ്പം അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ദൗർലഭ്യം ഹയർ സെക്കന്ററി മേഖലയെ പിന്നോട്ട് വലിക്കുമെന്നതിനാൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി യോഗ്യതയുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

8. നഗരപരിധിക്ക് പുറത്തുള്ള സ്ഥലങ്ങളിൽ റോഡുകൾക്കുവേണ്ടിയാണ് എം.എൽ.എ. ഫണ്ട് കൂടുതലായും ഉപയോഗിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയും കുട്ടികളുടെ എണ്ണവും കണക്കിലെടുത്ത് സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിനുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ടതാണെന്നും പല സ്കൂളുകളിലും ലാബിന്റെ അപര്യാപ്തതയുണ്ടെന്നും ഇക്കാര്യം വളരെ ഗൗരവമായി കണക്കി ലെടുക്കണമെന്നും സമിതി വിലയിരുത്തി. അടിസ്ഥാന സൗകര്യങ്ങളായ ക്ലാസ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ്‌ലെറ്റുകൾ എന്നിവ ഇല്ലാത്ത സ്കൂളുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ശേഖരിച്ചാൽ വകുപ്പിനു ലഭിക്കുന്ന ഫണ്ടും എം.എൽ.എ. ഫണ്ടും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുമെന്ന് സമിതി വിലയിരുത്തി.

9. ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികൾക്ക് ശരിയായ കായിക പരിശീലനം ലഭിക്കുന്നില്ലെന്ന് വിലയിരുത്തിയ സമിതി കുട്ടികളുടെ ശാരീരികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് കായിക വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു കായിക പരിശീലനം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മിക്ക സ്കൂളുകളിലും നിലവിലില്ലെന്ന് സമിതി വിലയിരുത്തി.

10. സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം സമിതി വിലയിരുത്തി. ഹൈസ്കൂളുകളോട് ബന്ധപ്പെടുത്തി അവിടത്തെ ഭൗതിക സാഹചര്യങ്ങളുപയോഗിച്ചാണ് ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തിക്കുന്നതെന്നും 40 കുട്ടികൾക്കുള്ള ക്ലാസ് മുറികളിൽ 60 കുട്ടികൾ തിങ്ങിഞെരുങ്ങി ഇരിക്കേണ്ട അവസ്ഥയാണ് മിക്ക സ്കൂളുകളിലുമുള്ളതെന്നും സമിതി വിലയിരുത്തി. കുടിവെള്ളം, ടോയ്‌ലെറ്റ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളുകൾ നിരവധിയുള്ളതിനാൽ ഒന്നാംഘട്ടമായി ക്ലാസ് മുറികൾ, കുടിവെള്ള വിതരണം, ടോയ്‌ലെറ്റുകൾ എന്നിവ എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതാണെന്നും ലബോറട്ടറികൾ, ലാബ് ഉപകരണങ്ങൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ, സ്കൂൾ കെട്ടിടങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും പ്രിൻസിപ്പൽ, സ്ഥിരാദ്ധ്യാപകർ എന്നിവരെ എല്ലാ സ്കൂളുകളിലും നിയമിക്കുന്നതും രണ്ടാംഘട്ടമായി പരിഗണിക്കേണ്ടതാണെന്നും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി.

## ശിപാർശകൾ

11. ഹൈസ്കൂൾ തലത്തിൽ 40 കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ് മുറികളാണ് ഹയർ സെക്കന്ററിയിലും നിലവിലുള്ളത് എന്നതിനാൽ ഹയർ സെക്കന്ററി തലത്തിൽ 60 കുട്ടികൾ ഒരു ക്ലാസ് മുറിയിൽ പഠിക്കേണ്ടിവരുന്നതിനാൽ എല്ലാ സ്കൂളുകളിലും അനുയോജ്യമായ വലിപ്പത്തിലുള്ള ക്ലാസ് മുറികൾ നിർമ്മിക്കുകയോ അല്ലെങ്കിൽ ഒരു ക്ലാസിലെ കുട്ടികളുടെ എണ്ണം 40 ആയി നിജപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. സയൻസ് വിഷയങ്ങൾ ഉള്ള എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സുസജ്ജമായ ലബോറട്ടറികൾ അനുവദിക്കണമെന്നും ലാബുകളുടെ അറ്റകുറ്റപ്പണികൾക്കും ഉപകരണങ്ങളും കെമിക്കലുകളും വാങ്ങുന്നതിനുമായി എല്ലാ വർഷവും നിശ്ചിത ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ലൈബ്രറികളും റീഡിംഗ് റൂമുകളും നിർബന്ധമായും ഏർപ്പെടുത്തണമെന്നും ലൈബ്രറിയിൽ റഫറൻസിനായി മതിയായ സൗകര്യമൊരുക്കണമെന്നും ലൈബ്രേറിയന്മാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലെറ്റുകൾ നിർമ്മിക്കണമെന്നും പഴയ ടോയ്‌ലെറ്റുകൾ പുതുക്കി പണിയണമെന്നും ആവശ്യമായ ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ജനറേറ്റർ സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും നിർമ്മിക്കണമെന്നും കേടായ കമ്പ്യൂട്ടറുകൾ നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. വൻകിട കമ്പനികളുടെ കോമൺഗുഡ് ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ക്ലാസ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ്‌ലെറ്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ശേഖരിച്ച് നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ലിസ്റ്റ് തയ്യാറാക്കി അടുത്ത അദ്ധ്യയനവർഷം തീരുന്നതിന് മുമ്പ് എം.എൽ.എ.മാർക്ക് വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. നിലവിലുള്ള അദ്ധ്യയന സമയവും അസാപ് ക്ലാസുകളുടെ സമയവും പഠന സമയം ദൈർഘ്യമുള്ളതാക്കുന്നതിനാൽ ഇത് കുട്ടികളിൽ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ അദ്ധ്യയന സമയം പുനഃക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. കൗമാരക്കാരായ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് എല്ലാ സ്കൂളുകളിലും ചുറ്റുമതിൽ നിർമ്മിക്കണമെന്നും കലാ കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ആഡിറ്റോറിയം, കളിസ്ഥലങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥാപനതലത്തിൽ വാർഷിക വികസന പദ്ധതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കുട്ടികളുടെ ശാരീരികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. നിരന്തര മൂല്യനിർണ്ണയം സമഗ്രമായി പരിഷ്കരിക്കണമെന്നും ഗ്രേസ് മാർക്ക് സമ്പ്രദായം പുനഃപരിശോധിച്ച് ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ഹയർ സെക്കന്ററി സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് ഓഫീസ് അറ്റൻഡന്റ്, ക്ലാർക്ക്, ലൈബ്രേറിയൻ, ലാബ് അസിസ്റ്റന്റ്, മീനിയൽ തുടങ്ങിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ഹയർ സെക്കന്ററി മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം ഗുണപ്രദമായ അസാപ്, കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ, കൗമാര കൗൺസലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും ആരംഭിക്കണമെന്നും അവ ഏകീകരിച്ച് നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ ക്രമീകരണം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ഹയർ സെക്കന്ററി തലത്തിലെ കുട്ടികളിൽ നിന്നും ഈടാക്കുന്ന പി.റ്റി.എ. ഫണ്ട് അവരുടെ ആവശ്യത്തിന് മാത്രമായി ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. പിന്നോക്ക പ്രദേശങ്ങളിലെ ഹയർ സെക്കന്ററി കുട്ടികൾക്ക് മത്സര പരീക്ഷ കൾക്കായി പ്രാദേശിക തലത്തിൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കായി വാഹനസൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി, പിന്നോക്ക പ്രദേശ വികസന പദ്ധതി എന്നിങ്ങനെ വിവിധ വകുപ്പുകളുടെ മൂലധന ചെലവിനത്തിൽനിന്നും അർഹമായ വിഹിതം മേൽപ്പറഞ്ഞ പദ്ധതികളുടെ പരിധിയിൽവരുന്ന ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഉച്ചഭക്ഷണ പദ്ധതി ഹയർ സെക്കന്ററി തലത്തിൽ കൂടി നടപ്പിലാക്കണമെന്നും എല്ലാ സ്കൂളുകളിലും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് പദ്ധതി പോലുള്ള സാമൂഹ്യ സേവന പദ്ധതികൾ ഹയർ സെക്കന്ററിതല വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഹയർ സെക്കന്ററി മേഖല ശാക്തീകരിക്കുന്നത് സംബന്ധിച്ച ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ മുൻഗണന നിശ്ചയിച്ച് സമയബന്ധിതമായി നടപ്പിലാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. അദ്ധ്യയന വർഷത്തിന്റെ അവസാന മാസങ്ങളിൽ തന്നെ ഓരോ സ്കൂളിനും അടുത്ത അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം എല്ലാ സ്കൂളുകളിൽ നിന്നും ശേഖരിച്ച് മേയ് മാസത്തിൽ തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. പ്ലസ് വൺ ക്ലാസുകൾ ജൂൺ മാസാവസാനം തന്നെ ആരംഭിക്കുവാൻ തക്കവണ്ണം ഏകജാലക സംവിധാനം അനുസരിച്ചുള്ള പ്രവേശന നടപടികൾ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും സാമൂഹ്യാവബോധവും ഉണ്ടാക്കിയെടുക്കുന്നതിനാവശ്യമായ പഠനാനുബന്ധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. കെ. അബ്ദുറബ്ബ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 ഏപ്രിൽ 20.

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചർച്ച ചെയ്തത്

425/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)
## (2013-2016)

### ഘടന

ചെയർമാൻ:

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എം. എ. ബേബി, എം. എൽ. എ.
ശ്രീ. ഇ. ചന്ദ്രശേഖരൻ, ,,
ഡോ. എൻ. ജയരാജ്, ,,
ഡോ. കെ. ടി. ജലീൽ, ,,
ശ്രീ. ജോസഫ് വാഴയ്ക്കൻ, ,,
ശ്രീ. റ്റി. വി. രാജേഷ്, ,,
ശ്രീ. ഷാഫി പറമ്പിൽ, ,,
ശ്രീ. എം. ഉമ്മർ, ,,
ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
ശ്രീ. സന്തോഷ്, വി. ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ മികച്ച അക്കാദമിക് നിലവാരം പുലർത്തുന്നവയാണ്. പഠനാനുബന്ധ പ്രവർത്തനങ്ങളിലും പാഠ്യേതര വിഷയങ്ങളിലും ഈ വിദ്യാലയങ്ങൾ മുൻനിരയിലാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ കുറവും ഹയർ സെക്കന്ററി സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനായി സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI നിയമസഭാ ചട്ടം 235 എ പ്രകാരം 29-10-2014-ൽ യോഗം ചേർന്ന് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിയത്. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെയും തുടർന്ന് സമിതി അംഗങ്ങൾ എഴുതി സമർപ്പിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഏപ്രിൽ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 ഏപ്രിൽ 20.